# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# സഭാ പ്രതിനിധിമണ്ഡലം 2019

# അദ്ധ്യക്ഷപ്രസംഗം

**മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

ജാതിമതഭേദമെന്യേ എല്ലാവരുടെയും ഹൃദയങ്ങളിൽ ഇടം കണ്ടെത്തുകയും ലോകറിക്കാർഡുകളുടെ ഗിന്നസ് ബുക്കിൽ '100 ഇയേഴ്സ് ഓഫ് മാർ ക്രിസോസ്റ്റം' എന്ന ഡോക്യുമെന്ററി ഇടം കണ്ടെത്താൻ അടിസ്ഥാന കാരണമായിത്തീരുകയും ചെയ്ത മലങ്കരയുടെ ദിവ്യജ്യോതിസും, സർവ്വോപരി മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലൂടെ വലിയവനായ ദൈവം സഭകൾക്കും സമൂഹത്തിനും നൽകിയ വരദാനവുമായ പത്മഭൂഷൺ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി, സഹോദര മേൽപ്പട്ടക്കാരേ, വൈദികരേ, സഭാ കൗൺസിൽ അംഗങ്ങളേ, മാർത്തോമ്മാ സഭയുടെ വിവിധ ഇടവകകളിൽ നിന്നും സ്ഥാപനകളിൽ നിന്നും പ്രസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികളായി എത്തിച്ചേർന്നിരിക്കുന്ന മണ്ഡലാംഗങ്ങളേ, സന്ദർശകരായി എത്തിച്ചേർന്നിരിക്കുന്നവർ ഉൾപ്പെടെയുള്ള വിശ്വാസ സമൂഹമേ, നിങ്ങൾക്ക് ഏവർക്കും ക്രിസ്തു യേശുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹ വന്ദനം.

സൃഷ്ടിയുടെ മകുടമായും അനന്തമായ സാധ്യതകളുടെ നിറകുടമായും തന്റെ സ്വന്തം സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ച് നിയോഗങ്ങൾ നൽകി അനുഗ്രഹിച്ചും ദൈവം നൽകിയ സർഗാത്മകതയുടെയും ക്രിയാത്മകതയുടെയും വരദാനങ്ങളിലൂടെ നിയോഗങ്ങൾ പൂർത്തീകരിക്കാനുള്ള കൃപ നൽകി ബലപ്പെടുത്തുകയും ചെയ്യുന്ന വലിയവനായ ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനും യിസ്രായേലിന്റെ മധുരഗായകനും കവിയുമായ ദാവീദ് സൃഷ്ടിയിൽ പ്രകടമാകുന്ന ദൈവമഹത്വത്തിന്റെ നിസ്തുല്യ ശ്രേഷ്ഠഭാവങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഇപ്രകാരം പാടി "നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തു മാത്രം? നീ അവനെ ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി തേജസും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു" (സങ്കീ. 8:3-5). ദൈവം മനുഷ്യനെ തേജസും ബഹുമാനവും അണിയിച്ചപ്പോൾ സ്രഷ്ടാവായ ദൈവത്തിന്റെ ഉണ്മയെ തിരിച്ചറിയുവാനും സ്രഷ്ടാവിന്റെ പ്രവർത്തനങ്ങളുടെ അത്ഭുതരഹസ്യങ്ങളെ അന്വേഷിച്ചു കണ്ടെത്തുവാനും ദൈവം മനുഷ്യനിൽ നിക്ഷേപിച്ചു നൽകിയ ഭാവനയും ശേഷിയും ഉപയോഗിച്ച് മാനവരാശിയുടെ പുരോഗതിയ്ക്കായി സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും

നൽകിയ പ്രതിഭാശേഷിയുടെ തെളിവായും നമ്മുടെ രാഷ്ട്രത്തിന്റെ അഭിമാനമായും കുതിച്ചുയർന്ന ചന്ദ്രയാൻ 2 സെപ്റ്റംബർ 7 ന് ചന്ദ്രനിൽ ഇറങ്ങുവാൻ ലക്ഷ്യമിട്ടിരുന്നു വല്ലോ. എന്നാൽ അവസാനനിമിഷങ്ങളിൽ ചന്ദ്രയാൻ 2 ചന്ദ്രനോട് 2 കി.മീ. മാത്രം അകലത്തിലെത്തിയപ്പോൾ അവിടെയുണ്ടായ ഏതോ പ്രതിഭാസത്തിന്റെ ഫലമായി ലക്ഷ്യ പ്രാപ്തി പൂർണ്ണമായും നേടുവാൻ കഴിഞ്ഞില്ല എങ്കിലും അത്രത്തോളം എത്തുവാൻ കഴിഞ്ഞതിൽ നമുക്ക് അഭിമാനിക്കാം. പേടകം ആ നിമിഷങ്ങളിൽ ഒരുപക്ഷേ സൂര്യ പ്രകാശം തട്ടാത്ത ചന്ദ്രന്റെ അന്ധകാര മേഖലയിലൂടെ കടന്നുപോയതുകൊണ്ടോ സൂര്യ പ്രകാശത്തിൽ നിന്നും ഊർജ്ജം ലഭിക്കാതെ വന്നതുകൊണ്ടോ ആയിരിക്കാം ഇങ്ങനെ യൊരു അനിശ്ചിതാവസ്ഥ സംജാതമായത്. ഇതു സംബന്ധിച്ച യാഥാർത്ഥ്യം കണ്ടെ ത്തുവാൻ ശാസ്ത്രജ്ഞന്മാർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാഷ്ട്രം തദ്ദേശീയമാ യിരിക്കുന്ന രൂപകല്പനയിലൂടെ ഇത്രത്തോളം നേട്ടം കൈവരിച്ചതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. പരാജയം ഒരിക്കലും നമ്മെ തളർത്തുവാൻ നാം അനുവദിക്കരുത്. പരാജയത്തെ വിജയത്തിലേക്കുള്ള ചവിട്ടുപടിയായി ദർശിച്ചും പരാജയം നീട്ടിവയ്ക്ക പ്പെട്ട വിജയമാണ് എന്ന് തിരിച്ചറിഞ്ഞും പരാജയത്തിൽ തളർന്നുപോകാതെ മുന്നോട്ടു കുതിച്ച വ്യക്തികൾക്കും സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കുമാണ് ചരിത്രത്തിൽ ഇന്നയോളം വിജയിച്ചു മുന്നേറാൻ കഴിഞ്ഞിട്ടുള്ളത്. നമ്മുടെ രാഷ്ട്രത്തിനും ഐ.എസ്.ആർ.ഒ.യ്ക്കും അഭിമാനകരമായ നേട്ടങ്ങൾ കൊയ്യുവാൻ ഭാവിയിൽ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ചന്ദ്രനിൽ കാലുകുത്തിയ അമേരിക്കൻ ബഹിരാകാശ യാത്രികനായിരുന്നു ജെയിംസ് ഇർവിൻ. അമേരിക്കയുടെ ചന്ദ്രനിലേ ക്കുള്ള അപ്പോളോ ദൗത്യങ്ങളിൽ ഉൾപ്പെട്ട അപ്പോളോ 15 എന്ന പേടകം ചന്ദ്രനിലിറക്കി 19 മണിക്കൂറുകളോളം ചന്ദ്രന്റെ മണ്ണിൽ നിലയുറപ്പിച്ച സംഘത്തിൽ ഉൾപ്പെട്ട ജെയിംസ് ഇർവിൻ 1985 ലെ മാരാമൺ കൺവൻഷനിൽ ഒരു പ്രസംഗകനായി വന്ന അനുഭവം അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു. അന്ന് ജെയിംസ് ഇർവിൻ പറഞ്ഞ ഒരു സാക്ഷ്യം നാം എല്ലാവരും വിനയപൂർവ്വം ഉൾക്കൊള്ളേണ്ട ഹൃദയസ്പർശിയായ ഒരു സാക്ഷ്യമാണ്. അദ്ദേഹം ഇപ്രകാരമാണ് പറഞ്ഞത്-“ചന്ദ്രനിൽ കാലുകുത്തി ഞാൻ മുകളിലേക്ക് നോക്കിയപ്പോൾ ഞാനൊരു നീലഗോളം കണ്ടു-ഞാൻ ജനിച്ച മണ്ണ്, എന്റെ ഭൂമി. അപ്പോൾ എന്റെ മനസ്സിൽ വന്ന ചിന്ത ഇപ്രകാരമായിരുന്നു-ഞാൻ ചന്ദ്രനിൽ കാലുകുത്തിയതിനേക്കാൾ വലിയ ഒരു മഹാസംഭവം ഞാൻ ജനിച്ച ഭൂമിയിൽ പണ്ട് നടന്നു.-എന്റെ ചിന്തയിൽ നിറഞ്ഞ ആ സംഭവം അഖിലാണ്ഡത്തിന്റെ ഉടയവനായ ദൈവത്തിന്റെ പുത്രൻ ഒരു ശിശുവായി ജനിച്ച്, ഞാൻ പിറന്ന ഭൂമിയിൽ 2000 വർഷ ങ്ങൾക്കു മുമ്പ് നടന്ന സംഭവമായിരുന്നു”. താൻ ചന്ദ്രനിൽ കാലുകുത്തിയതല്ല, ദൈവപുത്രൻ ഈ ഭൂമിയിൽ കാലുകുത്തിയതാണ് ചരിത്രത്തിലെ മഹാസംഭവം എന്നു പ്രഘോഷിച്ച ജെയിംസ് ഇർവിന്റെ വിനയാന്വിതമായ അനുഭവസാക്ഷ്യം-സമുന്നതവും ചിന്തോദ്ദീപകവുമാണ്. നമ്മുടെ പ്രശസ്ത കവിയായിരുന്ന നാലാപ്പാട്ട് നാരായണമേനോൻ കഴിഞ്ഞ നൂറ്റാണ്ടിൽ ഇപ്രകാരം പാടി

“അനന്തം അജ്ഞാതം അവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗം
അതിങ്കൽ എങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്യൻ കഥയെന്തു കണ്ടു”

പ്രപഞ്ച രഹസ്യങ്ങൾ അനന്തവും അജ്ഞാതവും അവർണ്ണനീയവുമാണെങ്കിലും ആ രഹസ്യങ്ങൾ അന്വേഷിക്കുവാനും പലതും കണ്ടെത്തുവാനുമുള്ള ജ്ഞാന തീക്ഷ്ണതയും ബുദ്ധിപ്രഭാവവും പലതും കണ്ടെത്തുവാനും പലതും സൃഷ്ടിക്കുവാനുള്ള ശേഷിയും പ്രതിഭയും മനുഷ്യനു ദൈവം നൽകിയിരിക്കുന്നു എന്നതിന്റെ തെളിവാണ് നമ്മുടെ രാഷ്ട്രവും മറ്റ് പല വിദേശ രാഷ്ട്രങ്ങളും ഇന്നയോളം നടത്തിയിട്ടുള്ള ബഹിരാകാശ ദൗത്യങ്ങൾ എന്ന കാര്യത്തിൽ തർക്കമില്ല. ദൈവത്തിന്റെ സൃഷ്ടിയുടെ മഹത്വം മനുഷ്യന് ദൈവം നൽകിയ ബുദ്ധി കൊണ്ടും കർമ്മശക്തി കൊണ്ടും നേടുമ്പോൾ ദൈവമഹത്വം മനുഷ്യനിലൂടെ വെളിപ്പെടുകയാണ് ചെയ്യുന്നത്. ബുദ്ധിയായും ഹൃദയമായും കർമ്മശക്തിയായും പ്രതിഭയായും നമ്മിലുള്ള ദൈവത്തിന്റെ വരദാനങ്ങൾ ദൈവകൃപയിൽ അനുഗ്രഹങ്ങളുടെ സമൃദ്ധിയായി വിടരുമ്പോൾ നാം അതിനെ കാണേണ്ടത് മനുഷ്യന്റെ സൃഷ്ടിയുടെ നേട്ടമായി മാത്രമല്ല, അതിലുപരിയായി സ്രഷ്ടാവിന്റെ സർഗ്ഗശക്തിയുടെ മഹത്വമായിട്ടായിരിക്കണം. ഈ പ്രകൃതിയിൽ ഒരു പൂ വിരിയുന്നതിൽപോലും ദൈവീക ചൈതന്യം ദർശിക്കുവാൻ കഴിയുന്ന ദർശനമാണ് ഏറ്റവും വിശാലമായ പ്രപഞ്ച ദർശനം. വിശാല മാനവികതയുടെ ആൾരൂപമായിരുന്ന അഭിവന്ദ്യ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ഒരു സ്നേഹിതനായിരുന്ന ശ്രീ. ഏബ്രഹാം ഈപ്പൻ പാലാമ്പടത്തിന്റെ കോട്ടയത്തുള്ള ഭവനത്തിൽ തിരുമേനി ഒരിക്കൽ സന്ദർശനം നടത്തി. ഒരു രാത്രി അവിടെ തിരുമേനി താമസിച്ചു. പ്രഭാതത്തിൽ ശ്രീ. ഏബ്രഹാം ഈപ്പൻ പാലാമ്പടം തിരുമേനിയുടെ മുറിയിലേക്കെത്തിയപ്പോൾ തിരുമേനിയെ മുറിയിൽ കണ്ടില്ല. വീടിന്റെ പുറത്തേക്കുള്ള വാതിൽ തുറന്നു കിടക്കുന്നത് കണ്ടു. തിരുമേനി എവിടെ എന്ന് അന്വേഷിച്ചു അദ്ദേഹം മുറ്റത്തേക്കിറങ്ങി. അപ്പോൾ മുറ്റത്തെ ഉദ്യാനത്തിൽ വിരിഞ്ഞു പരിമളം തൂകി നിൽക്കുന്ന പൂക്കളുള്ള ഒരു റോസാച്ചെടിയുടെ സമീപത്തായി ഒരു പൂവിനെ ശ്രദ്ധിച്ചുകൊണ്ട് ധ്യാനലീനനായി നിൽക്കുന്ന തിരുമേനിയെയാണ് അദ്ദേഹം കണ്ടത്. പുലർകാലത്ത് മഞ്ഞുകൊണ്ട് മുറ്റത്തു നിൽക്കുന്ന തിരുമേനിയെകണ്ട് അദ്ദേഹം അടുത്തുചെല്ലുമ്പോൾ തിരുമേനി അദ്ദേഹത്തോടു ചോദിച്ചു. – “അവറാച്ചൻ ദൈവത്തെ കണ്ടിട്ടുണ്ടോ?” പെട്ടെന്നുണ്ടായ ചോദ്യത്തിൽ ആശ്ചര്യപ്പെട്ടുനിന്ന അദ്ദേഹത്തോട് തിരുമേനി പറഞ്ഞു.– “ഈ പൂവിലേക്ക് നോക്കുക. മനോഹരമായി വിരിഞ്ഞ് പരിമളം തൂകി നിൽക്കുന്ന ഈ പൂവിൽ ദൈവത്തെ കാണാൻ കഴിയും”. തിരുമേനി പറഞ്ഞ ഈ വാക്കുകൾ ദൈവസൃഷ്ടിയുടെ മഹത്വത്തെക്കുറിച്ചുള്ള ഉന്നതമായ ദർശനങ്ങളുടെ റോസാപ്പൂക്കൾ നമ്മുടെ ഓരോരുത്തരുടെയും മനസിൽ വിരിയിക്കട്ടെയെന്ന് ആശംസിക്കുകയാണ്. ഒരു പൂ വിരിയുന്നത്

ദൈവത്തിന്റെ സൃഷ്ടിവൈഭവത്തെ പ്രകീർത്തിച്ചുകൊണ്ടാണ്. അതേസമയം ചന്ദ്രനിലേക്കും മറ്റുമുള്ള ബഹിരാകാശ ദൗത്യങ്ങളിലെ പുതിയ പുതിയ കണ്ടെത്തലുകൾ ദൈവം മനുഷ്യന് നൽകിയിരിക്കുന്ന വരദാനങ്ങളുടെ മനോഹരങ്ങളായ പൂക്കൾ ചന്ദ്രനിലും നമ്മുടെയെല്ലാം മനസ്സുകളിലും വിരിയിക്കുകയാണ് ചെയ്യുന്നത്. ചന്ദ്രയാൻ 2 നമുക്കു നൽകുന്ന പാഠങ്ങൾ കൂടി നാം ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. ഭൂമിയിൽ നിന്ന് കുതിച്ചുയർന്ന ചന്ദ്രയാൻ 2 ഭൂമിയുടെ ഭ്രമണപഥങ്ങളിൽ തന്നെ ചുറ്റിക്കറങ്ങിയിരുന്നുവെങ്കിൽ ആ പേടകത്തിന് ഒരിക്കലും ചന്ദ്രന്റെ അരികിലേക്ക് എത്തുവാൻ കഴിയുമായിരുന്നില്ല. ഭൂമിയുടെ ഭ്രമണപഥങ്ങളിൽ നിന്നും ചന്ദ്രന്റെ ഭ്രമണപഥങ്ങളിലേക്ക് കടന്നാണ് ചന്ദ്രയാൻ 2 ചന്ദ്രന്റെ സമീപത്തേക്ക് എത്തിയത്. മനുഷ്യന് ദൈവത്തിന്റെ സ്വപ്നങ്ങളിൽ ഇറങ്ങുവാൻ കഴിയണമെങ്കിൽ ലോകതാൽപര്യങ്ങളുടേതായ ആകർഷണ വലയങ്ങളിൽ നിന്നും പുറത്തു കടന്ന് ദൈവഹിതത്തിന്റെ ഭ്രമണപഥങ്ങളിലേക്ക് നാം പ്രവേശിക്കണം. എങ്കിൽ മാത്രമേ ദൈവത്തിന്റെ സ്വപ്നങ്ങളിലിറങ്ങി ദൈവികമായ ദൗത്യങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളു എന്ന യാഥാർത്ഥ്യം നാം മറന്നുപോകരുത്. അതോടൊപ്പം തന്നെ മറ്റൊരു പാഠവും കൂടി നാം ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. ചന്ദ്രന്റെ അരികിലേക്ക് ചന്ദ്രയാൻ 2 എത്തിയെങ്കിലും പെട്ടെന്ന് ഒരു അനിശ്ചിതാവസ്ഥ നേരിട്ടത് ഐ.എസ്.ആർ.ഒ.യും ചന്ദ്രയാനും 2 ഉം തമ്മിലുള്ള ആശയ സംവേദനത്തിൽ നിശ്ചലാവസ്ഥ സംഭവിച്ചതുകൊണ്ടായിരുന്നുവല്ലോ. ഇന്ന് മനുഷ്യൻ ദൈവത്തിന്റെ നിയന്ത്രണത്തിൽ നിന്നും അന്യപ്പെട്ടുപോകുമ്പോൾ സംഭവിക്കുന്നതും ഇത്തരത്തിലുള്ള ഒരു നിശ്ചലാവസ്ഥയാണ്. നമ്മുടെ ജീവിത ദൗത്യനിർവ്വഹണത്തിൽ ഇത്തരം നിശ്ചലാവസ്ഥകൾ അനിശ്ചിതാവസ്ഥകളാണ് സൃഷ്ടിക്കുന്നത് എന്ന യാഥാർത്ഥ്യം നാം മറന്നുപോകരുത്. നാം ജീവിക്കുന്ന ലോകം കാറ്റും കോളും നിറഞ്ഞ ലോകമാണ്. ശിഷ്യന്മാർ ഒരു പടകിൽ രാത്രിയിൽ സഞ്ചരിക്കുമ്പോൾ കാറ്റും കോളും അവർ അഭിമുഖീകരിക്കുകയുണ്ടായി. എന്നാൽ യേശു കടലിന്മേൽ നടന്ന് അവരുടെ അടുക്കലേക്ക് വന്നു. യേശുവിനെ കണ്ട പത്രോസ് ആവേശഭരിതനായി പടകിൽ നിന്നും കടലിലേക്ക് ചാടി കടലിന്മേൽ നടക്കുവാൻ ശ്രമിച്ചു. ക്രിസ്തുവിനെ നോക്കി കടലിന്മേൽ നടക്കുവാൻ തുടങ്ങിയ പത്രോസ് എന്നാൽ കാറ്റും കോളും തിരമാലകളും കണ്ട് ക്രിസ്തുവിൽ നിന്നും ദൃഷ്ടി മാറ്റി തിരമാലകളിലേക്ക് ദൃഷ്ടി പതിപ്പിച്ചപ്പോൾ പത്രോസ് മുങ്ങിത്താഴുവാൻ തുടങ്ങി എന്നാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ അപകടം നമുക്കും സംഭവിക്കാവുന്നതാണ്. യേശുവിനെ നോക്കി യാത്ര ചെയ്യേണ്ടവരാണ് നാം. എന്നാൽ യേശുവിൽ നിന്നും നാം ശ്രദ്ധ പിൻവലിച്ച്, ചുറ്റുപാടുകളിലേക്ക് നമ്മുടെ ശ്രദ്ധ വന്നുകഴിഞ്ഞാൽ നാമും ലോകമാകുന്ന സാഗരത്തിൽ മുങ്ങിത്താണുപോകും. എന്നാൽ മുങ്ങിത്താഴുന്ന പത്രോസിനെ ഉപേക്ഷിക്കാതെ കരം പിടിച്ചുയർത്തുന്ന യേശുവിനെയാണ് ആ ഭാഗത്ത് നാം കാണുന്നത്. ഇതാണ് നമ്മുടെ പ്രത്യാശ. നമ്മുടെ പ്രതിസന്ധികളിൽ നമ്മെ കരംപിടിച്ചുയർത്തുവാൻ കർത്താവ് നമ്മോടുകൂടെയുണ്ട്. ഒത്തിരി ഒത്തിരി ലൗകിക താൽപര്യങ്ങളുടെയും പ്രലോഭനങ്ങളുടെയും

ആകർഷണം ഉള്ള ലോകമാണ് നാം ജീവിക്കുന്ന ലോകം. എന്നാൽ 'ആദമേ, നീ എവിടെ'? എന്ന് ഏദൻതോട്ടത്തിൽ മുഴങ്ങിക്കേട്ട ദൈവത്തിന്റെ ശബ്ദം ജാഗ്രതയോടെ ശ്രവിക്കുവാൻ നമുക്കു കഴിയണം. നാം ഏത് അവസ്ഥയിലാണ് എന്ന് സ്വയം വിലയിരുത്തുവാൻ നമുക്കു കഴിയണം. ദൈവഹിതത്തിന്റെ ഭ്രമണപഥങ്ങളിലൂടെ സഞ്ചരിച്ച് ദൈവത്തിന്റെ സ്വപ്നങ്ങളുടെ ദൗത്യവാഹകരായിത്തീരേണ്ട മനുഷ്യൻ പാപത്തിന്റെ ആകർഷണവലയങ്ങളിൽപ്പെട്ട് ദൈവസാദൃശ്യം നഷ്ടപ്പെടുത്തിയപ്പോഴും ദൈവം മനുഷ്യനെ ഉപേക്ഷിച്ചില്ല. ദൈവപുത്രനായ ക്രിസ്തു തന്റെ സ്വന്തം രക്തം നൽകി നമ്മെ പാപത്തിന്റെ സഞ്ചാരപഥങ്ങളിൽ നിന്നും വിടുവിച്ചു. ദൈവസാദൃശ്യത്തിലേക്ക് വീണ്ടെടുത്ത് ദൈവികമായ സഞ്ചാരപഥങ്ങളിലെത്തിക്കുവാൻ സ്വർഗ്ഗം താണിറങ്ങിവന്ന സ്നേഹം ഇന്നും നമ്മെ വീണ്ടെടുക്കുവാൻ ആഗ്രഹിക്കുന്നു. തന്റെ പുത്രന്റെ രക്തത്താൽ ദൈവമക്കളെന്ന പദവിയിലേക്കും ദൈവമക്കൾക്കുള്ള അവകാശങ്ങളിലേക്കും അതേസമയം ഉത്തരവാദിത്വങ്ങളിലേക്കും ദൈവം നമ്മെ ഉയർത്തിയിരിക്കുന്നു. എന്നാൽ സുവിശേഷത്തിന്റെ വെളിച്ചത്തിൽ നാം നടക്കുമ്പോൾ മാത്രമേ ഈ പുത്രത്വത്തിന്റെ പദവിയും അവകാശവും നമുക്ക് ഉണ്ടാവുകയുള്ളു. സുവിശേഷത്തിനുവേണ്ടി, ദൈവവചന സത്യങ്ങൾക്കുവേണ്ടി പൂർവ്വികർ പോരാടിയതിന്റെ ചരിത്രമാണ് മലങ്കര സഭയിലെ നവീകരണത്തിന്റെ ചരിത്രം. സുവിശേഷ സത്യങ്ങൾക്കുവേണ്ടി നിലയുറപ്പിച്ചു നിൽക്കുവാൻ, നാം ദൈവവചന സത്യങ്ങളിൽ ഉറച്ചുനിന്നു പോരാടുവാൻ തീരുമാനിച്ചപ്പോൾ നമുക്കു പലതും നഷ്ടപ്പെട്ടു. ഭൗതികമായ പലതും നഷ്ടപ്പെടുത്തി ഇസ്രായേലിലെ ഒരു ശേഷിപ്പിനെപ്പോലെ ആയിരുന്ന ഒരു കാലഘട്ടത്തിൽ കണ്ണുനീരിന്റെ താഴ്വരയിലൂടെ നമ്മുടെ സഭയ്ക്ക് കടന്നുപോകേണ്ടിവന്നു. അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പിൻഗാമികളില്ലാതെ കാലം ചെയ്തപ്പോൾ സഭ കണ്ണുനീരിന്റെ പ്രളയജലത്തിലായി എന്നത് ഒരു യാഥാർത്ഥ്യമാണ്. മഹാപ്രളയത്തിലും നോഹയെയും കുടുംബത്തെയും ഒരു പെട്ടകത്തിൽ സംരക്ഷിച്ച ദൈവം പ്രതിസന്ധികളുടെ മഹാപ്രളയാനുഭവങ്ങളിൽ കൃപയുടെ പെട്ടകത്തിൽ നമ്മുടെ സഭയെ വലിയവനായ ദൈവം സംരക്ഷിച്ചതിന്റെ ചരിത്രമാണ് മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ചരിത്രം. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ കബറടക്കം കഴിഞ്ഞ്, ഇനി ആര് ഈ സഭയെ നയിക്കും എന്ന് ചിന്തിച്ചും വിഷാദിച്ചും മാരാമണ്ണിൽ അന്നു കൂടിവന്ന വിശ്വാസസമൂഹം കണ്ണീരൊഴുക്കി നിന്നപ്പോൾ അന്ന് വികാരി ജനറലായിരുന്ന കോവൂർ ഐപ്പ് തോമാ കത്തനാർ ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചു-"ദൈവമേ, മോശെ മരിച്ചപ്പോൾ നീ യോശുവായെ നൽകി. ഞങ്ങൾക്കോ ഇനി ആരെന്ന് അറിയുന്നില്ല". അതുകേട്ട് ജനം കണ്ണീരൊഴുക്കി നിൽക്കുമ്പോൾ അന്ന് ചെങ്ങന്നൂർ വലിയപള്ളി വികാരിയായിരുന്ന കോട്ടൂരേത്ത് അച്ചൻ കോവൂരച്ചന്റെ തോളിൽ കൈയ്യിട്ടുകൊണ്ട് പ്രഖ്യാപിച്ചു "ദൈവമേ, നീ ഞങ്ങൾക്ക് സകലവും ഒരുക്കിയിരിക്കുന്നു. വിശ്വാസത്തിന്റെ കണ്ണുകളാൽ ഞങ്ങൾ അതു കാണുന്നു". കണ്ണുനീരിന്റെ പ്രളയത്തിൽ തളർന്നിരുന്ന, അവിടെയുണ്ടായിരുന്ന വിശ്വാസസമൂഹം ആ വിശ്വാസ പ്രഖ്യാപനം കേട്ട് പുത്തനുണർവ്വ് പ്രാപിച്ച്,

ഏതു കണ്ണുനീർത്തുള്ളിയിലും കൃപയുടെ വെളിച്ചം ചൊരിഞ്ഞ് പ്രതീക്ഷയുടെ മഴവില്ല് സൃഷ്ടിക്കാൻ കഴിയുന്ന വലിയവനായ ദൈവത്തിൽ ശരണപ്പെട്ട് അന്ന് ഏകസ്വരത്തിൽ 'ആമേൻ' പറഞ്ഞു പ്രിയ വിശ്വാസസമൂഹമേ, ഏതു കാറ്റിലും കോളിലും ഏത് അന്ധകാരത്തിലും ഏത് കണ്ണുനീർ പ്രളയത്തിലും കർത്താവിന്റെ ശരീരമായ സഭയെ ദൈവം കരംപിടിച്ചു നടത്തി മാറോടു ചേർത്തുനിർത്തി അംഗീകരിച്ച്, ദൈവകരങ്ങളിൽ എടുത്തുയർത്തി ആദരിച്ച് ദൈവം അനുദിനം നടത്തുന്ന സഭയാണ് നമ്മുടെ മലങ്കര മാർത്തോമ്മാ സുറിയാനി സഭ. ഇന്ന് ലോകത്തിന്റെ എല്ലായിടങ്ങളിലും നമ്മുടെ സഭയുണ്ട്. നമ്മുടെ സഭാജനങ്ങൾ ലോകം മുഴുവൻ വ്യാപിച്ച് ക്രിസ്തീയ സാക്ഷ്യത്തിന്റെ വെളിച്ചം പരത്തുന്നവരായി ജീവിക്കുമ്പോൾ നമ്മുടെ സുവിശേഷ സാക്ഷ്യത്തിന്റെ വിസ്തൃതമായ ഇടങ്ങളിൽ സൂര്യൻ അസ്തമിക്കുന്നില്ല എന്നു പറയാം. പണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്തെക്കുറിച്ചാണ് 'സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യം' എന്നു ചരിത്രകാരന്മാർ പറഞ്ഞിരുന്നത്. എന്നാൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കീഴിലുണ്ടായിരുന്ന രാജ്യങ്ങൾ ഒന്നിനുപിറകെ ഒന്നായി സ്വാതന്ത്ര്യം നേടി മാറിയപ്പോൾ ബ്രിട്ടന്റെ സാമ്രാജ്യപദവി നഷ്ടപ്പെടുകയുണ്ടായി എന്നതും ചരിത്രമാണ്. എന്നാൽ സൂര്യൻ അസ്തമിക്കാത്ത സാക്ഷ്യത്തിന്റെ വിസ്തൃത ഇടങ്ങൾ ദൈവം നമുക്കിന്ന് സമ്മാനിച്ചിരിക്കുന്നു. നമ്മുടെ സഭയുടെ മക്കൾ ലോകത്തിൽ എല്ലായിടത്തും നീതിയിൻ സൂര്യനായ ക്രിസ്തുവിന്റെ സാക്ഷ്യത്തിന്റെ സൂര്യശോഭയോടെ ശോഭിച്ചുകൊണ്ടിരിക്കുന്നു. ഇതൊന്നും നമ്മുടെ മിടുക്കുകൊണ്ട് നാം നേടിയതല്ല, ഇതൊന്നും നമ്മുടെ ആരുടെയും നേട്ടമല്ല. ഈ സഭയ്ക്കു വേണ്ടി കണ്ണീരൊഴുക്കിയും ഹൃദയം നുറുങ്ങിയും പ്രാർത്ഥിച്ച നമ്മുടെ പൂർവ്വികരുടെ പ്രാർത്ഥനയ്ക്ക് ദൈവം നൽകിയ കൃപയുടെ വരദാനമാണ് എന്ന യാഥാർത്ഥ്യം നാം ഒരിക്കലും മറന്നുപോകരുത് എന്ന് ഓർമ്മിപ്പിക്കട്ടെ.

അനന്തമായ ദൈവത്തിന്റെ കൃപാകടാക്ഷങ്ങൾ അനുനിമിഷം ഏറ്റുവാങ്ങി, സംവത്സരങ്ങളെ തന്റെ നന്മകൾ കൊണ്ട് അനുഗ്രഹിക്കുന്ന വലിയവനായ ദൈവത്തിന്റെ വലിയ കൃപയിൽ, സഭയ്ക്കും പൊതുസമൂഹത്തിനും രാഷ്ട്രത്തിനും ദൈവം നൽകിയ വരദാനമായി, 102-ാം വയസ്സിന്റെ നിറവിലായിരിക്കുന്ന നമ്മുടെ പത്മഭൂഷൺ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ധന്യമായ കഴിഞ്ഞകാല ജീവിതത്തെ ആസ്പദമാക്കി 'Hundred Years of Mar Chrysostom' എന്ന പേരിൽ നമ്മുടെ സഭാംഗവും പ്രശസ്ത സിനിമാ സംവിധായകനുമായ ശ്രീ. ബ്ലെസി തയ്യാറാക്കിയ 48 മണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററി ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിൽ ഇടം കണ്ടെത്തി എന്നത് നമ്മെ എല്ലാവരെയും ഏറെ സന്തോഷിപ്പിക്കുന്ന ഒരു ചരിത്രസംഭവം തന്നെയായിരുന്നു. ഏറ്റവും ദൈർഘ്യമേറിയ ഡോക്യുമെന്ററി എന്ന നിലയിൽ ഗിന്നസ് ബുക്കിൽ പേരു ചേർക്കപ്പെട്ട ഈ ഡോക്യുമെന്ററിയുടെ സംവിധായകൻ ശ്രീ. ബ്ലെസിയെയും സഹപ്രവർത്തകരെയും പ്രശസ്ത കലാകാരന്മാരെയും ആദരിക്കുന്ന ഒരു സമ്മേളനം ആഗസ്റ്റ് 19-ാം തീയതി തിരുവല്ലായിൽ വെച്ചു നടന്നപ്പോൾ അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനി വീൽച്ചെയറിൽ

വേദിയിലെത്തി മഹനീയ സാന്നിദ്ധ്യം കൊണ്ട് ആ സമ്മേളനത്തെ ആശീർവദിച്ചത് ഹൃദ്യമായ ഒരു അനുഭവമായിരുന്നു. വർഷങ്ങൾക്കു മുമ്പ് ഗിന്നസ് ബുക്കിൽ ഇടം നേടിയ നമ്മുടെ മറ്റൊരു സഭാംഗമായിരുന്നു കൊട്ടറ അച്ചൻ എന്ന പേരിൽ പ്രസിദ്ധനായ റവ. കെ.എം. ജേക്കബ് അച്ചൻ. 13-ാം വയസ്സിൽ തീത്തൂസ് ഒന്നാമൻ തിരുമേനിയിൽ നിന്നു പൂയപ്പള്ളി മാർത്തോമ്മാ ഇടവകയ്ക്കു വേണ്ടി ശെമ്മാശനായി പട്ടംകെട്ടപ്പെട്ട ശേഷം 103-ാം വയസ്സിൽ മരിക്കുന്നതുവരെയും 90 ൽപരം വർഷക്കാലം ആ ഒരു ഇടവക യുടെ തന്നെ വികാരിയായിരുന്നതിനാണ് ഏറ്റവും ദീർഘമായ കാലഘട്ടം ഒരു പള്ളി യിൽത്തന്നെ വികാരിയായി സേവനമനുഷ്ഠിച്ചതിനുള്ള ബഹുമതിയായി ഗിന്നസ് ബുക്കിൽ പേര് ചേർക്കപ്പെട്ടത് എന്ന വസ്തുത പ്രത്യേകം സ്മരണീയമാണ്. നമ്മുടെ സഭാംഗങ്ങളായ രണ്ടുപേർ ഇങ്ങനെ രണ്ടു നിലകളിൽ ഗിന്നസ് ബുക്കിൽ ഇടം കണ്ടെത്തുവാൻ ഇടയായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിൽ തുടർച്ചയായി സംഭവിച്ചുകൊണ്ടി രിക്കുന്ന പേമാരിയും മണ്ണിടിച്ചിലും ഉരുൾപൊട്ടലുമെല്ലാം കേരളത്തിന്റെ മിക്ക പ്രദേശ ങ്ങളെയും പ്രളയദുരിതങ്ങളിലേക്ക് വലിച്ചിഴച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് സമീപകാലത്തായി നാം കണ്ടുകൊണ്ടിരിക്കുന്നത്. പ്രകൃതിയെ ചൂഷണം ചെയ്തും കൊള്ളയടിച്ചും താൽക്കാലികമായ നേട്ടങ്ങൾ കൊയ്യുവാനുള്ള മനുഷ്യന്റെ അത്യാർത്തി മൂലവും പ്രകൃതിയെ എങ്ങനെ സന്തുലിതമായി നിലനിർത്താം എന്ന ദർശനത്തിന്റെ അഭാവം മൂലവുമാണ് പലപ്പോഴും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന രീതി യിൽ പ്രകൃതിക്ഷോഭങ്ങൾ വന്നു ഭവിക്കുന്നത് എന്ന യാഥാർത്ഥ്യമാണ് ഓരോ പ്രളയ ദുരന്തവും നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഓരോ പ്രാവശ്യവും പ്രളയദുരന്തങ്ങൾ ഉണ്ടാകുമ്പോൾ പ്രളയപാഠങ്ങൾ ഉൾക്കൊണ്ട് പരിസ്ഥിതി പ്രതിജ്ഞ എടുക്കുകയും പ്രളയം വന്നുപോയിക്കഴിയുമ്പോൾ പാഠങ്ങളും പ്രതിജ്ഞകളും മറവിയുടെയും മന:പൂർവ്വ മായ അവഗണനയുടെയും കയങ്ങളിലേക്ക് വലിച്ചെറിയപ്പെടുകയും ചെയ്യുന്ന തരത്തി ലുള്ള പ്രവണതകൾ അവസാനിപ്പിക്കുന്നതിൽ സർക്കാരും പൊതുസമൂഹവും ഒറ്റ ക്കെട്ടായി നിൽക്കുവാനുള്ള ഒരു നിശ്ചയദാർഢ്യം എല്ലാവരുടെയും ഭാഗത്തുനിന്നും ഉണ്ടാകണം എന്ന് ഓർമ്മിപ്പിക്കട്ടെ. കഴിഞ്ഞവർഷം പ്രളയം ഉണ്ടായപ്പോൾ തകർന്നു പോയ ജീവിതസാഹചര്യങ്ങളിൽപ്പെട്ടവരെ കരകയറ്റുന്നതിനായി സഭ ഏറ്റെടുത്ത പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിച്ച അപേക്ഷകളിൽ നിന്നും അർഹ രായവരെ കണ്ടെത്തി, ഏഴരകോടി രൂപാ ചെലവു ചെയ്ത് 102 വീടുകൾ പുതിയതായി നിർമ്മിക്കുവാനും ഒരു ലക്ഷം മുതൽ മൂന്നുലക്ഷം രൂപാ വരെ ചെലവഴിച്ച്, കേടുപാടുകൾ സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുവാൻ വേണ്ടി രണ്ടരകോടി രൂപാ നീക്കി വെച്ച് അമ്പതോളം ഭവനങ്ങളുടെ കേടുപാടുകൾ തീർക്കുവാനും ക്രമീകരണം ചെയ്തി ട്ടുണ്ട്. ഈ വർഷം നിലമ്പൂർ, വയനാട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ പ്രളയ ദുരന്തങ്ങൾ ഉണ്ടായപ്പോൾ, കഴിഞ്ഞവർഷം പ്രളയബാധിത പ്രദേശങ്ങളിൽ നമ്മുടെ ഇടവകകളുടെയും സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ

ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടന്നതുപോലെ, ഈ മേഖലകളിലും നമ്മുടെ ഭദ്രാസനവും ഇടവകകളും സംഘടനകളും പ്രസ്ഥാനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായിറങ്ങിയത് അനുകരണീയമായ ഒരു മാതൃകയായിരുന്നു. ഈ വർഷം പ്രകൃതി ദുരന്തങ്ങൾ കൂടുതലായി അനുഭവിച്ച മേഖലകളിൽ പുനർനിർമ്മാണത്തിനായി ഒരു വീടിന് പത്തുലക്ഷം എന്ന കണക്കിൽ സുമനസ്സുകളിൽ നിന്നും പണം സ്വീകരിച്ച് സഭയുടെ മേൽനോട്ടത്തിൽ 20 വീടുകളെങ്കിലും വെച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ സുമനസ്സുകളുടെ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു എന്ന് അറിയിക്കട്ടെ.

നമ്മുടെ സഭയുടെ സ്വദേശത്തും വിദേശത്തുമുള്ള ശുശ്രൂഷാ മേഖലകളിൽ ദൈവ കൃപ ധാരാളമായി അനുഭവിക്കുവാൻ ഈ വർഷം ഇടയായി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആസ്ട്രേലിയ, ന്യൂസിലന്റ് എന്നീ രണ്ടു രാജ്യങ്ങളിലുള്ള നമ്മുടെ ഇടവകകളെയും മലേഷ്യ, സിംഗപ്പൂർ മേഖലയിലുള്ള ഇടവകകളെയും ഒരു കുടക്കീഴി ലെന്നവണ്ണം ഒരു സോൺ ആയി രൂപപ്പെടുത്തുന്നതിനു വേണ്ടി ക്രമീകരണം ചെയ്യുക യുണ്ടായി. ആസ്ട്രേലിയായിൽ മെൽബണിൽ ഒരു പുതിയ ആരാധനാലയം വാങ്ങിക്കു വാൻ നമുക്കു കഴിഞ്ഞു. പെർത്തിൽ നമ്മുടെ ഇടവകജനങ്ങൾ വാങ്ങിച്ചു രൂപപ്പെടു ത്തിയ നാലര ഏക്കർ സ്ഥലത്തെ കെട്ടിടങ്ങളുടെ കൂദാശ ആഗസ്റ്റ് 17-ാം തീയതി നിർവ്വഹിക്കുകയുണ്ടായി. 800 പേർക്ക് ഇരിക്കാവുന്ന വിശാലമായ ഹാൾ ഉൾപ്പെടുന്ന കെട്ടിട സമുച്ചയമാണിത്. സിഡ്നിയിൽ ഏഴര ഏക്കർ സ്ഥലം വാങ്ങി അവിടെ ഒരു ദൈവാലയം പണിയുന്നതിന്റെ ഭാഗമായി ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിൽ ഒരു ആംഗ്ലിക്കൻ ദൈവാലയം നാം അടുത്ത സമയത്ത് വാങ്ങു കയുണ്ടായി. ഒക്ടോബർ മാസം ഈ ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിക്കുന്നതാണ്. അമേരിക്കയിലെ ന്യൂജേഴ്സിയിൽ ഒരു യെഹൂദ സുനഗോഗ് വാങ്ങുന്നതിനായുള്ള ആലോചന നടന്നുവരുന്നു. ഭാരതത്തിൽ നമ്മുടെ മുംബൈയിലെ നെറോൾ മാർത്തോമ്മാ ഇടവക നിർമ്മിച്ച പള്ളി ശിൽപകല വൈദഗ്ദ്ധ്യത്തിന്റെ ഒരു മനോഹര മാതൃകയാണ്. പൂർണ്ണമായും എയർകണ്ടീഷൻ സംവിധാനമുള്ളതും സൗണ്ട്പ്രൂഫ് ക്രമീകരണമുള്ള തുമായ ഒരു പള്ളിയാണിത്. അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായുടെ സാന്നിദ്ധ്യത്തിൽ ആ പള്ളിയുടെ കൂദാശ നാം നിർവ്വഹിക്കുക യുണ്ടായി. കാലം ചെയ്ത അഭിവന്ദ്യ ഗീവർഗീസ് മാർ അത്തനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ ആരംഭം കുറിച്ചിരുന്നതായ റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിലെ പ്രോജക്ടുകളെല്ലാം പൂർത്തീകരിച്ച് കൂദാശ ചെയ്യുവാൻ കഴിഞ്ഞു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. കലഹാണ്ടി മിഷൻ ഫീൽഡിൽ 67 ലക്ഷം രൂപ ചെലവ് ചെയ്തു നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കണ്ടംപേരൂർ, വയ്യാറ്റുപുഴ എന്നീ പള്ളികൾ ഉൾപ്പെടെ 7 പള്ളികൾ കൂദാശ ചെയ്തു. ആങ്ങമൂഴിയിൽ ആരംഭിച്ച തായ ക്യാമ്പ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായി. ഈ സെന്ററിന്റെ കൂദാശ ഉടനെ നിർവ്വഹിക്കുന്നതാണ്. റാന്നി ഭദ്രാസനത്തോടു ചേർന്നു പ്രവർത്തിക്കുന്ന അബുദാബി

ഇടവകയോടു ചേർന്ന് ഒറീസാ മിഷൻ ഫീൽഡിന്റെ പ്രവർത്തനങ്ങൾ അനുസ്യൂതം പുരോഗമിച്ചു വരുന്നു.

നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്ന പള്ളിയുടെ നിർമ്മാണത്തിനായി സഭയുടെ വിഹിതമായി നിശ്ചയിച്ചിരുന്ന പത്തു ലക്ഷം രൂപാ നൽകി. മേൽക്കൂര മേയുന്നതിനായി പതിമൂന്നര ലക്ഷം രൂപാ നമ്മുടെ സഭയുടെ പ്രത്യേക സംഭാവനയായി സമാഹരിച്ചു നൽകി. അഞ്ച് ക്ലസ്റ്റർ ലൈറ്റുകൾ സ്പോൺസർ ചെയ്യുകയുണ്ടായി. ഈ നിലയ്ക്കൽ പള്ളിയുടെ സമീപത്ത് നമ്മുക്ക് ഏഴ് ഇടവകകൾ ഉണ്ട് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

ട്രാൻസ്ജെന്റർ പ്രോജക്ടിനായുള്ള 'നവോദയ' ട്രസ്റ്റ് രൂപീകരിക്കപ്പെട്ടു. സമൂഹ ത്തിന്റെ മുഖ്യധാരയിൽ നിന്നും നിഷ്കാസിതരായ ട്രാൻസ്ജെന്റേഴ്സ്യുവജനങ്ങൾക്ക് തൊഴിൽസാധ്യതകൾ ഒരുക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്കു ഈ സഹോദരങ്ങളെ കൊണ്ടുവരുവാനുള്ള ഒരു പ്രോജക്ടാണ് ഇത്. ഈ പ്രിയപ്പെട്ടവരുടെ പുനരധിവാസ ത്തിനായി നാലര ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. പുതുവർഷം സർക്കാരിന്റെ സഹകര ണത്തോടുകൂടി വിദ്യാഭ്യാസത്തിനായുള്ള അവസരവും ഒരുക്കുവാൻ ക്രമീകരണം ചെയ്തുവരുന്നു. ദൈവസൃഷ്ടികളായ ഈ പ്രിയപ്പെട്ട സഹോദരങ്ങളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായുള്ള പരിശ്രമത്തിൽ സ്പോൺസേഴ്സായി സഹകരിക്കാൻ സുമനസ്സുകളുടെ സഹകരണം ഉണ്ടാകണമെന്ന് അറിയിക്കട്ടെ.

നമ്മുടെ മാർത്തോമ്മാ കോർപറേറ്റ് മാനേജ്മെന്റിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ വർഷവും പാഠ്യവിഷയങ്ങളിലെ വിജയശതമാനത്തിലും പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലെ നേട്ടങ്ങളിലും ഉന്നതനിലവാരം നിലനിർത്തി എന്നതിൽ നമ്മുടെ കോർപറേറ്റ് മാനേജ്മെന്റിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജരായി ഊർജ്ജസ്വലതയോടെ നേതൃത്വം നൽകുന്ന ശ്രീമതി ലാലമ്മ വർഗീസിനെയും പ്രിൻസിപ്പൽമാർ, പ്രഥമാദ്ധ്യാപകർ, അദ്ധ്യാപകർ, വിവിധ പിന്തുണാ സംവിധാനങ്ങളിൽ ഉൾപ്പെട്ടവർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെയും പ്രത്യേകം അഭിനന്ദനം അറിയിച്ചുകൊള്ളുന്നു.

രാഷ്ട്രീയ പ്രതിയോഗികളെ തേജോവധം ചെയ്യാനുള്ള ഗൂഢശ്രമങ്ങളുടെ ഭാഗമായി എങ്ങനെയും വ്യക്തിഹത്യ നടത്തി അവരെ തളർത്താനുള്ള ശ്രമങ്ങൾ ഇന്നു ഭാരതത്തിൽ രാഷ്ട്രീയ, സാമൂഹിക, ആത്മീയ മണ്ഡലങ്ങളിൽ നടക്കുന്നത് വളരെ ഖേദകരമായ ഒരവസ്ഥയാണ് എന്നു വ്യക്തമാക്കട്ടെ. പ്രതിയോഗികളെ തോജോവധം ചെയ്യുവാൻ പഠിപ്പിച്ച സംസ്കാരമല്ല, നാനാത്വത്തിൽ ഏകത്വം ദർശിച്ച് എല്ലാവരിലെയും നന്മയെ ഉൾക്കൊള്ളുകയും എല്ലാവരെയും ആദരിക്കുകയും മറ്റു വിഭാഗീയതകൾക്കതീതമായി പൊതു നന്മയ്ക്കായി എല്ലാവരെയും ഒരുമിപ്പിച്ചു നിർത്തുകയും ചെയ്ത സംസ്കാര മാണ് ഭാരതീയ സംസ്കാരം എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുപോകരുത്. 1997 ൽ ദക്ഷിണാഫ്രിക്കയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട നെൽസൺ മണ്ടേല എന്ന മഹാത്മാവ്, തന്നെ 27 വർഷം തടവറയിൽ പാർപ്പിച്ച വെള്ളക്കാരോട് പ്രതികാരം ചെയ്യു കയോ, ഭരണകേന്ദ്രങ്ങളിൽ നിന്നും അവരെ മാറ്റിനിർത്തുകയോ ചെയ്യാതെ ഒരുമിച്ചു

നിന്നുള്ള നവരാഷ്ട്ര നിർമ്മിതിയിൽ എല്ലാവരും തുല്യ പങ്കാളികളാകണം എന്ന് ആഹ്വാനം ചെയ്തുകൊണ്ട് പ്രസിഡന്റായി ചുമതലയേറ്റ സന്ദർഭത്തിൽ നിർവ്വഹിച്ച ആദ്യപ്രഭാഷണത്തിൽ പറഞ്ഞ വാക്കുകൾ ഈ കാലഘട്ടത്തിലും ഏറെ പ്രസക്തമാണ്. നെൽസൺ മണ്ടേല അന്നു പറഞ്ഞു-"സ്വാതന്ത്ര്യത്തിലേക്ക് എളുപ്പവഴികളില്ലെന്ന് നാം എപ്പോഴും അറിയണം. ഒറ്റയ്ക്ക് ശ്രമിച്ച് വിജയിക്കാൻ ആർക്കും പറ്റില്ലെന്നും അറിയണം. ദേശീയ ഐക്യത്തിനായി നമ്മൾ ഒരു ജനതയായി പ്രവർത്തിക്കണം. നീതിയുക്തവും പൂർണ്ണവും ഏറെ നിലനിൽക്കുന്നതുമായ ശാന്തിയുളവാക്കുവാൻ നമ്മൾ സ്വയമർപ്പിക്കുകയാണ്". ഈ ശാന്തി എല്ലായിടത്തും പരക്കണമെങ്കിൽ ദൈവസന്നിധിയിൽ വിനയാന്വിതരായി വിശാലമായ മാനവികതയുടെ വക്താക്കളായി അപ്പൊസ്തലനായ വിശുദ്ധ പൗലോസ് ഫിലിപ്യായിലെ സഭയെ ഉദ്ബോധിപ്പിച്ചതുപോലെ "ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ, നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ട് ഐകമത്യപ്പെട്ട് ഏക ഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ" (ഫിലിപ്പിയർ 2:1,2). എന്ന അനുഭവത്തിൽ വളരുവാൻ കഴിയണം. ഈ ഐക്യമാണ് രാഷ്ട്രത്തിനും പൊതുസമൂഹത്തിനും സഭയ്ക്കും ഇന്നും ഏറെ ആവശ്യമായിരിക്കുന്നത് എന്ന യാഥാർത്ഥ്യം രാഷ്ട്രത്തിലും പൊതുസമൂഹത്തിലും സഭയിലും മറ്റുള്ളവരെ വ്യക്തിഹത്യ നടത്തി തേജോവധം ചെയ്യുവാൻ ശ്രമിക്കുന്നവർ ആരായാലും മനസ്സിലാക്കുവാനുള്ള തിരിച്ചറിവിനായി നമുക്കു പ്രാർത്ഥിക്കാം.

ഈ മണ്ഡലത്തിന്റെ പഠനവിഷയമായി നാം തിരഞ്ഞെടുത്തിരിക്കുന്നത് 'നവോത്ഥാനവും നവീകരണവും-ദർശനവും പ്രയോഗവും' എന്ന ഏറ്റവും പ്രസക്തമായ ഒരു വിഷയമാണ് നവോത്ഥാനവും നവീകരണവും എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പഴയതെല്ലാം തിരസ്കരിക്കുക എന്നതല്ല പഴമയുടെ നന്മ സ്വാംശീകരിച്ചുകൊണ്ടും പഴമയുടെ തിന്മകളെ തിരസ്കരിച്ചുകൊണ്ടും ദൈവവചന വെളിച്ചത്തിൽ പരിശുദ്ധാത്മ ശക്തിയിൽ നിരന്തരം പുതുക്കപ്പെടുന്ന നവമാനവികതയുടെ ദർശനമാണ് യഥാർത്ഥത്തിൽ നവോത്ഥാനത്തിന്റെയും നവീകരണത്തിന്റെയും അടിസ്ഥാന പ്രേരണയായി നിലനിൽക്കേണ്ടതും പ്രയോഗതലത്തിൽ ആവിഷ്ക്കരിക്കപ്പെടേണ്ടതും എന്ന വസ്തുത പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പ്രതിനിധിമണ്ഡല യോഗമായി നാം ഇവിടെ ചേർന്നുവന്നിരിക്കുന്നു. ഇന്നയോളം നമ്മെ നടത്തി പരിപാലിച്ച സർവ്വശക്തനായ ദൈവത്തിന്റെ കൃപയുടെ തണലിലാണ് നാം ഇവിടെ കൂടിവന്നിരിക്കുന്നത്. ഈ സഭ കർത്താവിന്റെ സഭയാണ്. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട്, വിശുദ്ധിക്കായി വേർതിരിക്കപ്പെട്ട്, ദർശനത്തിലും സാക്ഷ്യത്തിലും നിരന്തരം പുതുക്കപ്പെട്ട് ഈ ഭൂമിയിൽ ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ ആയിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്ന ഈ

സഭ ഈ മഹനീയ നിയോഗത്തിൽ ക്രിസ്തുവിനുവേണ്ടി ക്രിസ്തുവിനോടൊപ്പം ക്രിസ്തുവിൽ ലോകത്തിനു വെളിച്ചമായും ഭൂമിയ്ക്ക് ഉപ്പായും തീർന്നുകൊണ്ട് ലോകത്തെ രൂപപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതുമായ പരിശുദ്ധാത്മ ശക്തിയിൽ മുന്നോട്ടു പോകുകയാണ്. സഭയുടെ ഏക സുവിശേഷം ക്രിസ്തുവാണ്. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തുവിലാണ്. നമ്മുടെ പ്രത്യാശയുടെ പ്രഭാവകേന്ദ്രം ക്രിസ്തുവാണ്. 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു' എന്നു പ്രഖ്യാപിച്ച ലോകരക്ഷകനായ ക്രിസ്തുവിനെ, കാൽവറി കുരിശിൽ നമുക്കായി മരിച്ച്, കല്ലറയിൽ അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ 'എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ' എന്ന മഹത്തായ വിശ്വാസ പ്രഖ്യാപനത്തോടെ എതിരേറ്റ ക്രിസ്തുശിഷ്യനായ വിശുദ്ധ തോമശ്ലീഹാ തന്റെ ഗുരുവും രക്ഷകനുമായ ക്രിസ്തു എന്ന സുവിശേഷ വെളിച്ചത്തെ ഹൃദയത്തിൽ ഏറ്റുവാങ്ങി മലങ്കരയിലേക്ക് കടന്നുവന്ന് ആ വെളിച്ചം ഈ മലങ്കരയിൽ തെളിച്ചുവെച്ച് നമുക്കു പകർന്നു നൽകിയപ്പോൾ ഈ സുവിശേഷ വെളിച്ചം ഹൃദയത്തിലേറ്റുവാങ്ങിയ നമ്മുടെ പൂർവ്വികർ, തങ്ങൾക്കുള്ളതെല്ലാം നഷ്ടപ്പെടുമ്പോഴും പ്രതിസന്ധികളുടെ പ്രളയമഴയിൽ പോലും അണയാതെ സൂക്ഷിച്ച നവീകരണ വെളിച്ചം ഇന്നും ഹൃദയത്തിൽ ഏറ്റുവാങ്ങുന്ന വിശ്വാസസമൂഹമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മക്കളായിരിക്കുന്ന നമുക്കു സമർപ്പണം പുതുക്കി പ്രാർത്ഥിക്കാം.

"ഞങ്ങളുടെ കർത്താവും
ദൈവവുമായുള്ളോവേ,
നീ തന്നെ ഞങ്ങളുടെ ദൈവം
നീ തന്നെ ഞങ്ങളുടെ രക്ഷകൻ
നീ തന്നെ ഞങ്ങളുടെ ശരണം
നീ തന്നെ ഞങ്ങളുടെ ലക്ഷ്യവും മാർഗ്ഗവും
നീ തന്നെ ഞങ്ങളെ ലക്ഷ്യത്തിലേക്ക്
നയിക്കുന്ന കൃപയുടെ ശക്തിയും
നീ തന്നെ ഇന്നും എന്നും
ഈ സഭയെ കാക്കേണമേ
നീ തന്നെ ഇന്നും എന്നും
ഈ സഭയെ നയിക്കേണമേ.
നീ തന്നെ ഇന്നും എന്നും
ലോകത്തിന്റെ അന്ധകാരം നീക്കുന്ന
വിശുദ്ധിയുടെ വെളിച്ചത്താൽ
അനുദിനം ഈ സഭയെ നിറയ്ക്കേണമേ.

ഈ പ്രാർത്ഥനയോടെ ഈ അദ്ധ്യക്ഷപ്രസംഗം ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

കൃപ നിങ്ങളേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.